# IISH

# NOTE

Scanned with CamScanner

# സനാതനധർമ്മ പഠനം – 7

## പിതൃകർമ്മ അനുഷ്ഠാന മന്ത്രവും ആചരണവും

(സാവധാനത്തിൽ ഒരാൾ വായിച്ചുകൊടുത്ത് മറ്റുള്ളവരെ കൊണ്ട് ഈ കർമ്മം ചെയ്യിക്കുക)

ദേശ വിദേശങ്ങളിലുള്ളവർ സാധിക്കുന്ന വിധത്തിൽ ഈ മന്ത്രങ്ങളും ചടങ്ങുകളും അനുസരിച്ചു സാധിക്കുന്നത്രയും ശ്രദ്ധയോടെ പിതൃ കർമ്മം ചെയ്യണം.

മഹാഗണപതിയെയും ഗുരുവിനെയും പ്രാർത്ഥിച്ച് മുന്നിൽ നിലത്ത് വെള്ളം തളിച്ച് അതിൽ ദർഭപ്പുല്ല് 5 ഇഞ്ച് നീളമുള്ള 5 കഷ്ണങ്ങൾ തെക്കുവടക്കായി വെക്കുക. അതിനുള്ള മന്ത്രം ചുവടെ ചേർക്കുന്നു.

**ഗംഗേ ച യമുനേ ചൈവ ഗോദാവരി സരസ്വതി നർമ്മദേ സിന്ധു കാവേരി ജലേ ( സ്മിൻ സന്നിധികം കുരു**

**അയോധ്യാ മഥുരാ മായാ കാശീ കാഞ്ചീ അവന്തികാ പുരീ ദ്വാരാവതീ ചൈവ സപ്തയതേ മോക്ഷദായകാഃ**

രണ്ടു കൈയ്യിൽ എള്ളും, തുളസിയും ചന്ദനവും എടുത്തു ഈ മന്ത്രം ചൊല്ലി ആദി പിതൃക്കളെ ആവാഹിക്കുക.

**"വസു രുദ്ര ആദിത്യ സ്വരൂപാൻ മമ വംശദ്വയ ആദിപിതൃൻ ധ്യായാമി ആവാഹയാമി അസ്മിൻ കൂർച്ചാ മദ്ധ്യേ സ്ഥാപയാമി പൂജയാമി"**

കൈയ്യിലുള്ള എള്ളും മറ്റും പ്രാർഥനയോടെ ദർഭയുടെ മധ്യത്തിൽ വെക്കുക. വീണ്ടും രണ്ടു കൈയ്യിലും അരിയും, തുളസിയും ചന്ദനവും എടുത്തു ഈ മന്ത്രം ചൊല്ലി മൂല പിത്രക്കളെ ആവാഹിക്കുക.

**"മമ വംശദ്വയ ഉദയകുല പിതൃൻ ധ്യായാമി ആവാഹയാമി അസ്മിൻ കൂർച്ചാ മൂലേ സ്ഥാപയാമി പൂജയാമി."**
ദർഭയുടെ ചുവടറ്റത്തിൽ വെക്കുക.

"ഓം നമോ നാരായണായ" എന്ന മന്ത്രം ചൊല്ലി മൂന്ന് പ്രാവശ്യം വീതം വെള്ളവും, പൂവും, അരിയും, ചന്ദനവും അവസാനം വെള്ളവും രണ്ടിടത്തും കൊടുക്കുക.

**ഈ മന്ത്രം ചൊല്ലി പ്രാർത്ഥിക്കുക "ദേവതാഭ്യ പിതൃഭ്യശ്ച മഹായോഗീഭ്യ ഏവ ച നമ സ്വധായൈ സ്വാഹയൈ നിത്യമേവ നമോ നമഃ"**

(എല്ലാ ദേവൻമാർക്കും പിതൃക്കൾക്കും മഹായോഗികൾക്കും എന്റെ ഉള്ളിലുള്ളതും പുറത്തുള്ളതുമായ ചൈതന്യത്തിനും എന്നുമെന്നും പ്രണാമം)

ചോറിന്റെ പകുതിയെടുത്തു പിണ്ഡമുരുട്ടുക. അപ്പോൾ പറയേണ്ട മന്ത്രം ചുവടെ ചേർക്കുന്നു.

**"ആബ്രഹ്മണോ യേ പിതൃ വംശ ജാതാ മാതു സ്തഥാ വംശ ഭവാ മദീയ**

**വംശ ദ്വയേ ( സ്മിൻ മമ ദാസ ഭൂതാ ഭൃത്യാസ്തഥൈവ ആശ്രിത സേവകാശ്ച മിത്രാണി സഖ്യ പശവശ്ച വൃക്ഷാഃ**

**ദൃഷ്ടാശ്ച അദൃഷ്ടാശ്ച കൃതോപകാര ജന്മാന്തരേ യേ മമ സംഘതാശ്ച തേഭ്യ സ്വയം പിണ്ഡബലിം ദദാമി"**

ഉരുട്ടിയ പിണ്ഡം ദർഭപ്പുല്ലിന്റെ നടുക്ക് വെക്കുക. ഇതാണ് പിണ്ഡം വെക്കൽ കർമ്മം.

**അർത്ഥം :** ഈ പ്രപഞ്ചത്തിൽ എന്റെ പിതാവിന്റെ വംശത്തിലും മാതാവിന്റെ വംശത്തിലും ജനിച്ചവർക്കും എന്റെ ദാസൻമാർക്കും ഭൃത്യൻമാർക്കും, ആശ്രിത സേവകൻമാർക്കും മിത്രങ്ങൾക്കും, സുഹൃത്തുക്കൾക്കും എന്റെ ജീവിതത്തിനു ഞാൻ ആശ്രയിച്ച ജീവജാലങ്ങൾക്കും വൃക്ഷലതാദികൾക്കും, ജൻമ ജൻമാന്തരങ്ങളിൽ എന്നെ സഹായിച്ചവർക്കും, എല്ലാം ഞാൻ ഈ പിണ്ഡം സമർപ്പിക്കുന്നു.)

മൂന്ന് പ്രാവശ്യം വീതം വെള്ളം, പൂവ്, കറുക, തുളസി, എള്ള്, ചന്ദനം, ചെറൂള വീണ്ടും വെള്ളവും കൊടുത്ത് പിണ്ഡ പൂജ നടത്തുക. ഇതിനെ പിണ്ഡ പൂജ എന്നു പറയുന്നു.

ഈ മന്ത്രം ചൊല്ലി ബാക്കിയുള്ള ചോറ് എടുത്തു പിണ്ഡത്തിനു ചുറ്റും വിതറുക

**IISH ന്റെ പരമമായ ലക്ഷ്യവും മാർഗ്ഗവും** : മനസ്, ശരീരം, കുടുംബം, സംസ്കാരം, സമൂഹം, രാഷ്ട്രം, എന്നീ ആറു ഘടകങ്ങളെ തിന്മയിൽ നിന്ന് നന്മയിലേക്കും, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും അശാന്തിയിൽ നിന്ന് ശാന്തിയിലേയ്ക്കും നയിക്കാനുള്ള ഈ സന്ദേശങ്ങൾ നമുക്ക് ജീവിതത്തിൽ പകർത്താം.

(മറുപുറം)

Scanned with CamScanner

**"മാതൃവംശേ മൃതായേശ്ച പിതൃ വംശേ തദൈവ ച ഗുരു ശ്വശുര ബന്ധൂനാം യേ ച അന്യേ ബാന്ധവാഃ മൃതാഃ**
**യേ മേ കുലേ ലുപ്ത പിണ്ഡാ പുത്ര ദാര വിവർജിതാ ക്രിയാ ലോഭ ഹതാശ്ചൈവ ജാത്യന്ധാ പങ്കവസ്ഥതാ**
**വിരൂപാ ആമഗർഭാശ്ച ജ്ഞാതാ അജ്ഞാതാ കുലേ മമ ഭൂമൗ ദത്തേന ബലിനാ തൃപ്തയാംതു പരാം ഗതിം**
**അതീത കുല കോടീനാം സപ്ത ദ്വീപ നിവാസിനാം പ്രണീനാം ഉദകം ദത്തം അക്ഷയ മുപതിഷ്ഠതുഃ"**

ഇതാണ് പിതൃ ബലി എന്നറിയപ്പെടുന്നത്.

**അർത്ഥം** : അമ്മയുടെ വംശത്തിലും അച്ഛന്റെ വംശത്തിലും ജീവിച്ചവർക്കും എന്നെ പഠിപ്പിച്ചു വലുതാക്കിയ അധ്യാപകർക്കും, എന്റെ ഭാര്യയുടെ ഭർത്താവിന്റെ വംശത്തിൽ ജീവിച്ചവർക്കും, മറ്റു ബന്ധുക്കൾക്കും, എന്റെ കുലത്തിൽ പിണ്ഡം നൽകാൻ ആരുമില്ലാതെ ജീവിച്ചവർക്കും, ഭാര്യയും മക്കളുമില്ലാതെ ജീവിച്ചവർക്കും, കർമത്തിൽ വിശ്വാസമില്ലാതെ ജീവിച്ചവർക്കും, ജൻമനാ അംഗവൈകല്യമുണ്ടായിരുന്നവർക്കും, വിരൂപൻമാരായി ജീവിച്ചവർക്കും, ഗർഭമലസി മരിച്ചവർക്കും, എനിക്കറിയാവുന്നവർക്കും അറിയാത്തവർക്കുമെല്ലാം ഈ ഭൂമിയിൽ നൽകുന്ന ബലി ചോറുകൊണ്ടു തൃപ്തിയുണ്ടാകട്ടെ, ഏഴു ഭൂഖണ്ഡങ്ങളിലും ജീവിച്ചു മരിച്ച സർവചരാചരങ്ങൾക്കും ശാശ്വതമായ നൻമ വരട്ടെ

ചോറ് മുഴുവനും പിണ്ഡത്തിനു ചുറ്റും ഇട്ടതിനു ശേഷം പൂവും എള്ളും കുറച്ചു വെള്ളവും ചേർത്ത് പിണ്ഡത്തിനു ചുറ്റും വിതറുക.

ഈ മന്ത്രം ചൊല്ലി കൈയ്യിൽ വെള്ളമെടുത്തു പിണ്ഡത്തിനു ഒഴിക്കുക "അവസാനിയ അമർഘ്യമിദം"
കൈയ്യിൽ വെള്ളമെടുത്തു ഈ മന്ത്രം ചൊല്ലി തർപ്പണം കൊടുക്കുക

**"പിത്തരം തർപ്പയാമി, പിതാമഹം തർപ്പയാമി, പ്രപിതാമഹം തർപ്പയാമി,**
**പിതാമഹീം തർപ്പയാമി, പ്രപിതാമഹീം തർപ്പയാമി, പിതൃ പ്രപിതാമഹീം തർപ്പയാമി,**
**മാതാമഹീം തർപ്പയാമി, മാതൃ പിതാമഹീം തർപ്പയാമി, മാതൃപ്രപിതാമഹീം തർപ്പയാമി"**

പിണ്ഡത്തിനു കൃത്യം ചുവട്ടിലുള്ള അല്പം എള്ള് പിണ്ഡം മാറ്റിയതിനു ശേഷം എടുത്ത് മുകളിലേക്ക് ഇടുക
"സ്വർഗ്ഗം ഗച്ഛസ്വ"
പിണ്ഡവും മറ്റെല്ലാ സാധനങ്ങളും ഇലയിലെടുക്കുക. അല്ലെങ്കിൽ പാത്രത്തിൽ എടുത്തിടുക.
"ഇദം പിണ്ഡം ഗയാർപിതോ അസ്തു" എന്ന് ചൊല്ലിക്കൊണ്ട് ഇടുക.
കൈകൂപ്പി പ്രാർത്ഥിക്കുക "പിതൃകർമ കാലേ മന്ത്ര തന്ത്ര സ്വര വർണ കർമ്മ പ്രായശ്ചിത്താർത്ഥം നാമത്രയ ജപം അഹം കരിഷ്യേ" "ഓം നമോ നാരായണായ ഓം നമോ നാരായണായ ഓം നമോ നാരായണായ"
പിണ്ഡാവശിഷ്ടങ്ങൾ എല്ലാം കുളത്തിലോ ആൽച്ചുവട്ടിലോ ഇട്ടിട്ടു ശുദ്ധമാവുക.


**ഡോ. എൻ. ഗോപാലകൃഷ്ണൻ, ഡയറക്ടർ,**
ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയന്റിഫിക് ഹെറിറ്റേജ്, തിരുവനന്തപുരം 695018

NHC, Mazhuvanchery, Near Kechery, Trissur Guruvayur Highway, Trissur 680 501. 9446361149, 9388203010, iishservice1@gmail.com., www.dharmanews.in, www.dharmaradio.in, www.dharmamessages.in, www.iish.org., youtube ⟶ dr.n.gopalakrishnan


We issue certificates for learning and teaching any aspects of Indian culture.

IISH നാഷണൽ ഹെറിറ്റേജ് സെന്ററും
മഴുവഞ്ചേരി മഹാദേവക്ഷേത്രവും

☏ 9446361149




Scanned with CamScanner